അനുസ്മരണം.

# പറഞ്ഞു തീരാത്ത ഒരു കഥ പോലെ .........

ജോൺ ഇളമത.

പറഞ്ഞു തീരാത്ത ഒരു കഥ പോലെ ബോബി സേവ്യർ,കാലയവനികക്കുള്ളിൽ മറഞ്ഞു.മിക്കുന്നതിനു മൂന്ന് നാൾ മുമ്പ് എന്നെ വിളിച്ചിരുന്നു.ഭാവി പരിപാടിയെപ്പറ്റിയുള്ള ഒരാലോചന!'ജോണെ,ഞാൻ സിഎംഏ സംഘടനയുടെ പ്രസിഡൻറായുള്ള കലാവധി തീർന്നു. നമ്മുക്കിനി 'സർഗ്ഗധാരാ വിഷൻെറ' പരിപാടികൾ വിപുലമാക്കി സാഹിത്യ സമ്മേനളവും,ചിരി അരങ്ങുമൊക്കെ എല്ലാ ശനിയാഴ്ചകളിലും അവതരിപ്പിക്കണം.

ശരി,ഞാനിപ്പോൾ ഫോറിഡായിലാണ്.അങ്ങോട്ടു വരട്ടെ,കാനഡായിലെ മഞ്ഞും തണുപ്പും ഒന്നു തീരട്ടെ!

രണ്ടു ദിനങ്ങൾ കഴിഞ്ഞു കേട്ടു: ബോബി സേവ്യർ ഈ ലേകം വിട്ടുപോയന്ന്!

യുവാവായിരുന്ന ബോബി സേവ്യർ അകാലത്തിൽ പൊലിഞ്ഞു എന്നു കേട്ടപ്പോൾ,ഞെട്ടലുണ്ടായി.പെട്ടന്ന് വയലാറിൻെറ വരികളാണ് മനസ്സിൽ നിറഞ്ഞത് 'എനിക്കു മരണമില്ല',നല്ല മനുഷ്യർക്കും,സഹിത്യത്തെ സ്നേഹിക്കുന്നവർക്കും മരണമില്ല,അവർ ജീവച്ചിരിക്കുന്ന നല്ല സുഹൃത്തുക്കളിൽ എന്നും ആവേശത്താട സ്വപ്നങ്ങൾ കോറിയിടും.

ശാന്തനായ ഉള്ളിൽ ഏറെ നർമ്മ ബോധമുണ്ടായിരുന്ന ഒരു സുഹൃത്തിനെയാണ് ലാനാക്കും,കനേഡിയൻ മലയാളി സമൂഹത്തിനും നഷ്ടട്ടെത്.ഒരു നിഴൽ പോലെ എന്നും എനിക്കൊപ്പം ബോബി സേവ്യർ സഞ്ചരിച്ചിരുന്നു,ലാനാ സാഹിത്യ സമ്മേനത്തിലും,സർഗ്ഗധാരാ വേദികളിലുമൊക്കെ.

അദ്ദേഹം എൻെറ നല്ല സുഹൃത്തായിരുന്നു,അയൽക്കാരനായിരുന്നു.നല്ല ശമരിയാക്കാരനായിരുന്നു. പല സംവാദങ്ങളിലും ഹൃദയം തുറന്ന് സസാരിക്കുന്ന സുഹൃത്തിന്,മകൻ ഷോണിനെപ്പറ്റി ഏറെ കരുതലുണ്ടയിരുന്നു.സമർത്ഥനായ മകൻെറ ഒരോ ചുവടുവെപ്പിലും,ബോബി സേവ്യർ നിറസാന്നിദ്ധമായിരുന്നു.അതുകെണ്ടു തന്നെ മകൻ ചെറുപ്രായത്തിൽ കലാലയവിദ്യാഭ്യാസ ഘട്ടത്തു തന്നെ കാത്തലിക് സകൂൾ ബോർഡ് ട്രസ്റ്റി സ്ഥാനത്ത് അവരേധിക്കപ്പെട്ടത്.ഷോണിനും,അമ്മ സോഫിക്കും,ഞങ്ങളുടെ ആശ്വാസ സാന്ദ്വനങ്ങളും,ബോബി സേവ്യറിന് ഞങ്ങളുടെ പ്രാർത്ഥനകളും!പ്രത്യേകിച്ച്എൻെറ ഭാര്യയുടേയും,ഞങ്ങളുടെ രണ്ടു മക്കളുടെയും, അകമഴിഞ്ഞ പ്രാർത്ഥനകളും,ആശ്വാസ വാക്കുകളും!

ഒരു പക്ഷ,ആരോഗ്യ പ്രശ്നങ്ങളുൾപ്പടെ നിരവധി ദു:ഖങ്ങൾ ഉള്ളിലൊളിപ്പിച്ച്,ഊറി ചിരിച്ച്,നർമ്മം പറഞ്ഞു നടന്ന് കഥാവശേഷനയ ആ കഥകാരൻെറ മനസ്സിൽ എന്തൊക്കെ ഉണ്ടായിരുന്നതെന്ന് ആർക്കറിയാം!,പറഞ്ഞു തീരാത്ത ഒു കഥ പോലെ ........